**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6462** **10-07-2024 - ൽ മറുപടിയ്ക്ക്**

**വനാവകാശരേഖ ലഭിക്കുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വനാവകാശരേഖ ലഭിക്കുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽ നിന്നും സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണവും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശവും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ? | (എ) | **വ്യക്തിഗത വനാവകാശരേഖ ലഭിക്കുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിൽ ഉൾപ്പെടുന്ന മുണ്ടക്കയം, കോരുത്തോട്, എരുമേലി പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന 11 ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികളിൽ (എഫ്.ആർ.സി) നിന്നായി നിലവിൽ 96 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ നിലവിൽ സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിയുടെ (SDLC) പരിഗണനയിലാണ്. ടി അപേക്ഷകരുടെ വസ്തു സർവ്വേ ചെയ്യുന്നതിനായി 2 സർവ്വേയർമാരെ നിയോഗിച്ച്, നടപടി പൂർത്തീകരിച്ചുവരുന്നു. തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.** |

| **ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റി** | **പഞ്ചായത്ത്** | **തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം** | **റിമാർക്സ്** |
|---|---|---|---|
| മുരിക്കുംവയൽ | മുണ്ടക്കയം | 25 | സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട് |
| പുഞ്ചവയൽ | | 13 | |
| പുലിക്കുന്ന് | | 1 | |
| കാളകെട്ടി | എരുമേലി | 6 | സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട് |
| പാക്കാനം | | 13 | |
| എലിവാലിക്കര | | 1 | |
| തുമരംപാറ | | 2 | |
| കൊമ്പുകുത്തി | കോരുത്തോട് | 16 | സർവ്വേ നടപടികൾ അന്തിമഘട്ടത്തിലാണ്. |
| കോസടി | | 10 | |
| മാങ്ങാപ്പേട്ട | | 6 | |
| ആനക്കല്ല് | | 3 | |
| **ആകെ** | | **96** | |

സെക്ഷൻ ഓഫീസർ